**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 982** **26-07-2021 - ൽ മറുപടിയ്ക്ക്**

**മ്യൂസിയം വിപുലീകരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | **Shri Ahammad Devarkovil**<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഈസ്റ്റ് ഹില്ലിലെ കൃഷ്ണമേനോൻ മ്യൂസിയം, പഴശ്ശിരാജ മ്യൂസിയം എന്നിവ വിപുലീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | കോഴിക്കോട് ഈസ്റ്റ്ഹില്ലിൽ പ്രവർത്തിക്കുന്ന ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയം കെട്ടിടത്തിന്റെ നിലവിലുള്ള മേൽക്കൂരയിൽ സ്ഥാപിച്ചിട്ടുള്ള ഷീറ്റ് മാറ്റി മ്യൂസിയത്തിന്റെ തനത് പൈതൃക ശൈലിയിൽ പരമ്പരാഗതമായ ഓടുകൾ പാകി കെട്ടിടത്തിന്റെ സംരക്ഷണം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ ബലപ്പെടുത്തൽ അടക്കമുള്ള കൺസർവേഷൻ പ്രവർത്തികൾ നടത്തുന്നതിന് Rs.76,94,010/-രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 19/07/2021-ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കഴിവതും വേഗം ടി മ്യൂസിയത്തിന്റെ സംരക്ഷണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്. കൂടാതെ പ്രസ്തുത മ്യൂസിയത്തിൽ ആധുനിക രീതിയിൽ കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊണ്ട് പ്രദർശന സംവിധാനം സജ്ജീകരിക്കുന്നതിനുള്ള DPR തയ്യാറാക്കുന്നതിനായി സർക്കാർ നോഡൽ ഏജൻസിയായ M/sകേരള ചരിത്ര പൈതൃക മ്യൂസിയം മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ ഈ മ്യൂസിയത്തിന്റെ മുന്നിൽ മനോഹരമായ ബട്ടർഫ്ലൈ ഗാർഡൻ സ്ഥാപിച്ചു വരുന്നു. കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിന്റെ സമഗ്ര വികസന പ്രവൃത്തികൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ പുരാവസ്തുവകുപ്പ് നടത്തി വരുന്നു. മേൽ പദ്ധതിയുടെ അടങ്കൽ 337.41 ലക്ഷം രൂപയാണ്. നാളിതുവരെ കേന്ദ്ര സർക്കാർ വിഹിതമായി 195.72 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 42.19 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മ്യൂസിയം പുനസജ്ജീകരണ പ്രവൃത്തികൾ സർക്കാർ നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള (കേരളം മ്യൂസിയം) വഴി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ